ഭരണഭാഷ – മാതൃഭാഷ

## കേരള സർക്കാർ

### സംഗ്രഹം

കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ – വെറ്ററിനറി കൗൺസിലിൽ 10 വർഷം ജോലി നോക്കിയെന്ന തെറ്റായ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം നേടിയ ഡ്രൈവർ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, സർവീസിൽ നിന്നും നീക്കംചെയ്തു കൊണ്ടും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### മൃഗസംരക്ഷണ (എഫ്) വകുപ്പ്

സ.ഉ.(കൈ)നം. 12/2022/എ.എച്ച്.ഡി

തീയതി, തിരുവനന്തപുരം, 26.02.2022

---

പരാമർശം:–1) 28.08.1997–ലെ സ.ഉ (കൈ) 249/97/എ.ഡി നമ്പർ ഉത്തരവ്

2) വിജിലൻസ് വകുപ്പിന്റെ 23.07.2016–ലെ 7708/B2/16/Vig നമ്പർ കത്ത്

3) വെറ്ററിനറി കൗൺസിൽ രജിസ്ട്രാറുടെ 14/11/2012 ലെ Order No.KSVC–140/2009 നമ്പർ നടപടിക്രമം.

4) 14.11.2012–ലെ സ.ഉ (കൈ) 264/12/എ.ഡി നമ്പർ ഉത്തരവ്

5) 01.07.2020–ലെ സ.ഉ (സാധാ) 202/2020/എ.എച്ച്.ഡി നമ്പർ ഉത്തരവ്

6) 31.07.2020 – ലെ സ.ഉ (സാധാ) 222/2020/എ.എച്ച്.ഡി നമ്പർ ഉത്തരവ്

7) വെറ്ററിനറി കൗൺസിൽ രജിസ്ട്രാറുടെ 4/12/21–ലെ Order No.KSVC/14/2016 നമ്പർ നടപടിക്രമം

8) വെറ്ററിനറി കൗൺസിൽ രജിസ്ട്രാറുടെ 06/12/2021–ലെ KSVC 14/2016 നമ്പർ കത്ത്

### ഉത്തരവ്

കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ രൂപീകരിച്ച പരാമർശം (1) പ്രകാരം തസ്തികകൾ സൃഷ്ടിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ കൗൺസിലിൽ അനുവദിച്ച തസ്തികകളിലെ നിയമനങ്ങളെല്ലാം അന്യത്രസേവന വ്യവസ്ഥയിലായിരിക്കണമെന്ന നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ വസ്തുതകൾ കണക്കിലെടുക്കാതെ കേരളാ സംസ്ഥാന വെറ്ററിനറി കൗൺസിലിൽ 10 വർഷം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിയെന്ന കൗൺസിൽ രജിസ്ട്രാറുടെ ശിപാർശ പ്രകാരം പരാമർശം (4)–ലെ സർക്കാർ ഉത്തരവ് പ്രകാരം ടി സ്ഥാപനത്തിലെ ഡ്രൈവറായ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന് സ്ഥിരനിയമനം നൽകിയിരുന്നു.

2) കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ദിവസവേതന ഡ്രൈവറായി ജോലി നോക്കി വന്നിരുന്ന ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സർവീസിൽ സ്ഥിരപ്പെടുത്തിയ നടപടി തെറ്റാണെന്ന് ആരോപിച്ച് 'Action Council of India against Corruption' എന്ന സംഘടന വിജിലൻസ് വകുപ്പിന് നൽകിയ പരാതിയിന്മേൽ വിജിലൻസ് വകുപ്പ് നടത്തിയ ത്വരിത പരിശോധനയിൽ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ വെറ്ററിനറി കൗൺസിലിൽ ജോലിനോക്കിയിരുന്നുവെന്ന് അവകാശപ്പെടുന്ന 10 വർഷത്തിൽ, അഞ്ചര

വർഷത്തോളം KSRTC യിൽ കണ്ടക്ടറായും ജോലി ചെയ്തിരുന്നു എന്ന് കണ്ടെത്തി. എന്നാൽ അതേ കാലയളവിൽ തന്നെ ടിയാൻ വെറ്ററിനറി കൗൺസിലിലെ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തി ശമ്പളം കൈപ്പറ്റിയതായി കാണുന്നുവെന്നും രജിസ്ട്രാർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) വെറ്ററിനറി കൗൺസിലിൽ 10 വർഷം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയെന്ന പരിഗണന വച്ചാണ് രജിസ്ട്രാറുടെ ശിപാർശ പ്രകാരം പരാമർശം (4)-ലെ സർക്കാർ ഉത്തരവിലൂടെ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന് വെറ്ററിനറി കൗൺസിലിന്റെ രജിസ്ട്രാറുടെ ഓഫീസിലെ ഡ്രൈവറായി സ്ഥിര നിയമനം നൽകിയിട്ടുള്ളത്. എന്നാൽ 30.12.2005-നും 20.06.2011-നുമിടയ്ക്ക് ടിയാൻ കെ.എസ്.ആർ.ടി.സി യിൽ കണ്ടക്ടർ ആയി ജോലി ചെയ്തുവെന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട് എന്ന് ദ്രുതപരിശോധനയിലൂടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയിട്ടുള്ളതിനാൽ ടി കാലയളവിൽ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ.ഉണ്ണികൃഷ്ണൻ കേരള വെറ്ററിനറി കൗൺസിലിലും ജോലി ചെയ്തു വരികയായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6)-ലെ ഉത്തരവ് പ്രകാരം ടിയാനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. കൂടാതെ ടി കൃത്രിമത്തിന് കൂട്ടുനിന്ന മുൻ രജിസ്ട്രാർ ശ്രീ.എൻ.എൻ.ശശിയ്ക്ക് എതിരെ പരാമർശം (5) പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുമുണ്ട്.

4) ഈ വിഷയം വിശദമായി പരിശോധിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിക്കുവാൻ വെറ്ററിനറി കൗൺസിൽ രജിസ്ട്രാർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

a) കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ ദിവസവേതനക്കാരനായിരുന്ന ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ ടിയാനെതിരെ വെറ്ററിനറി കൗൺസലിന്റെ ജീവനക്കാർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾക്ക് അനുസരിച്ച് അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്.

b) സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിലേക്കായി ശ്രീ.ഉണ്ണികൃഷ്ണന്റെ ഭാഗം കേൾക്കേണ്ടതാണ്.

c) ശ്രീ. എസ്..ആർ.ഉണ്ണികൃഷ്ണൻ KSRTC യിൽ ജോലി ചെയ്ത 2006 മുതൽ 2011 വരെ വെറ്ററിനറി കൗൺസിലിൽ നിന്നും ശ്രീ.എസ്.ആർ. ഉണ്ണികൃഷ്ണന് നൽകിയ ശമ്പളം പലിശയോടെ തിരിച്ചു പിടിക്കുക എന്ന വിജിലൻസ് വകുപ്പിന്റെ ശിപാർശ പ്രകാരം വെറ്ററിനറി കൗൺസിലിൽ നിന്നും ടിയാൻ ശമ്പളമായി കൈപ്പറ്റിയ തുക 18% പലിശയോട് കൂടി ആകെ 3,86,874/- രൂപ (മൂന്ന് ലക്ഷത്തി എൺപത്തിയാറായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപാ) തിരിച്ചു പിടിക്കേണ്ടതാണ്.

5) ഈ വിഷയം സംബന്ധിച്ച് വെറ്ററിനറി കൗൺസിൽ രജിസ്ട്രാർ വിശദമായ അന്വേഷണം നടത്തുകയും സർക്കാരിന്റെ നിർദ്ദേശപ്രകാരം ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന്റെ ഭാഗം കേൾക്കുകയും ടിയാന് എതിരെ ഉന്നയിക്കപ്പെട്ട കുറ്റങ്ങൾ എല്ലാം തന്നെ തെളിവുകളുടെ അടിസ്ഥാനത്തിൽ ശരിയാണെന്ന് കണ്ടെത്തുകയുമുണ്ടായി. അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ വസ്തുതകൾ മറച്ചുവച്ച് കേരള സർക്കാരിനെയും കേരള വെറ്ററിനറി കൗൺസലിനെയും തെറ്റിദ്ധരിപ്പിച്ചാണ് സ്ഥിരം ജോലി നേടിയത് എന്നും, ഇതുവഴി കേരള സർക്കാരിനെതിരെയും കൗൺസിലിന് എതിരെയും ഗുരുതരമായ വിശ്വാസവഞ്ചന കാണിച്ചാണ്

ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ ഡ്രൈവർ ജോലിയിൽ സ്ഥിര നിയമനം നേടിയതെന്നും കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ Indian Veterinary Council Act 1984 (No.52/1984) Section42(2) R/W, Kerala State Veterinary Council Rules 1991, Rule 24 പ്രകാരം വെറ്ററിനറി കൗൺസിലിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ടു KS&SSR 1958 Rule 19 (ii) പ്രകാരം ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന്റെ സേവനം റെഗുലറൈസ് ചെയ്തു കൊണ്ടുള്ള രജിസ്ട്രാറുടെ Order No.KSVC-140/2009 dated 14/11/2012 റദ്ദുചെയ്തു കൊണ്ടു കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ രജിസ്ട്രാർ പരാമർശം (7) ലെ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശിച്ച പ്രസ്തുത തുക ടിയാൻ നാളിതുവരെയും തിരിച്ചടച്ച് രസീത് ഹാജരാക്കിയിട്ടില്ലെന്നു കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന്റെ പ്രൊബേഷൻ ഇതുവരെയും ഡിക്ളയർ ചെയ്തിട്ടില്ലെന്നും, ഈ വിഷയത്തിൽ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുകയാണെന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തു എന്നതിനെ അടിസ്ഥാനമാക്കിയാണ് ശ്രീ.എസ്.ആർ ഉണ്ണികൃഷ്ണനെ ക്രമപ്പെടുത്തി നിയമിക്കുന്നതിന് പരാമർശം (4)-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയത്. എന്നാൽ പ്രസ്തുത കാലയളവിൽ 30.12.2005 നും 20.06.2011 -നും ഇടയിൽ ടിയാൻ കെ.എസ്.ആർ.ടി.സി യിൽ താൽക്കാലിക അടിസ്ഥാനത്തിൽ കണ്ടക്ടർ ആയി ജോലി നോക്കിയിട്ടുള്ളതായാണ് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി-യിൽ ജോലി ചെയ്ത അതേ ദിവസങ്ങളിൽ വെറ്ററിനറി കൗൺസിലിൽ ഹാജർ രേഖപ്പെടുത്തുകയും അതിന് ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുള്ളത് ഗുരുതരമായ ക്രമക്കേടാണെന്ന് സർക്കാർ കാണുന്നു. അത്തരത്തിൽ കൃത്രിമമായി സൃഷ്ടിച്ച രേഖകളുടെ അടിസ്ഥാനത്തിലാണ് ശ്രീ.എസ്.ആർ ഉണ്ണികൃഷ്ണന്റെ സേവനം ക്രമപ്പെടുത്തിയിട്ടുള്ളത് എന്നും കണ്ടെത്തിയിട്ടുള്ളത് പ്രസ്തുത നിയമനത്തെ അസ്ഥിരപ്പെടുത്തുന്നതിന് ഉതകുന്നതാണ് എന്നും കാണുന്നു.

7) മേൽ സാഹചര്യത്തിൽ, കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ദിവസവേതന ഡ്രൈവറായി ജോലി നോക്കി വന്നിരുന്ന ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ KSRTC-യിൽ കണ്ടക്ടർ ആയി ജോലി നോക്കിയിരുന്ന അതേ കാലയളവിൽ തന്നെ വെറ്ററിനറി കൗൺസിലിലെ ശമ്പളം കൈപ്പറ്റുകയും, കൗൺസിലിൽ 10 വർഷം ജോലി നോക്കിയെന്ന തെറ്റായ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം നേടുകയും ചെയ്ത വിവരം തെളിഞ്ഞ സാഹചര്യത്തിൽ, ടിയാനെ ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള പരാമർശം (4)-ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, പരാമർശം (5) പ്രകാരം സസ്പെൻഡ് ചെയ്യപ്പെട്ട ടിയാനെ Kerala Civil Services (Classification, Control & Appeal) Rules, 1960, Part V, 11 (1) viii പ്രകാരം, 14.11.2012 തീയതി പ്രാബല്യം വരത്തക്ക രീതിയിൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടും (Dismissal from Service) ഉത്തരവാകുന്നു.

8) ഇതു സംബന്ധിച്ച തുടർനടപടികൾ വെറ്ററിനറി കൗൺസിൽ രജിസ്ട്രാർ സ്വീകരിക്കേണ്ടതാണ്. കൂടാതെ പരാമർശം (7)-ലെ നടപടിക്രമം പ്രകാരം ടിയാൻ കൗൺസിലിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന കാലയളവിൽ കൈപ്പറ്റിയിട്ടുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും ടിയാനിൽ നിന്നും തിരിച്ചുപിടിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.എസ്.ആർ ഉണ്ണികൃഷ്ണൻ, ഡ്രൈവർ, കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ.
(വെറ്ററിനറി കൗൺസിൽ രജിസ്ട്രാർ മുഖേന)
രജിസ്ട്രാർ, കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ പേരൂർക്കട, തിരുവനന്തപുരം
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1 & 2) ,കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തമ്പാനൂർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
നിയമ വകുപ്പ് (2521/ഒപ്പീനിയൻ-ഡി2/17/നിയമം പ്രകാരം)
ധനകാര്യ വകുപ്പ് (ഫിൻ-(അഗ്രി-എ 2/49/2016 പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (എ.ഡി.വി-ബി1/94/2021-പി&എ.ആർ.ഡി പ്രകാരം)
വിജിലൻസ് (ബി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എഫ്2/33/2015/എ.എച്ച്.ഡി |
| 2 | വകുപ്പ് | : മൃഗസംരക്ഷണ (എഫ്) വകുപ്പ് |
| 3 | വിഷയം | : കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ദിവസവേതന ഡ്രൈവറായി ജോലി നോക്കി വന്നിരുന്ന ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ KSRTC-യിൽ കണ്ടക്ടർ ആയി ജോലി നോക്കിയിരുന്ന അതേ കാലയളവിൽ തന്നെ സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ശമ്പളം കൈപ്പറ്റുകയും, കൗൺസിലിൽ 10 വർഷം ജോലി നോക്കിയെന്ന തെറ്റായ ശിപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിലിൽ സ്ഥിരനിയമനം നേടുകയും ചെയ്ത വിവരം തെളിഞ്ഞ സാഹചര്യത്തിൽ ടിയാനെ Kerala Civil Services (Classification, Control & Appeal) Rules, 1960, Part V, 11 (1) viii പ്രകാരം, സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നത് (Dismissal from the service) - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07-01-2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്, നിയമവകുപ്പിന്റെയും, ധനകാര്യ വകുപ്പിന്റെയും, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെയും അഭിപ്രായങ്ങൾ കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഷീല.പി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. ടിങ്കു ബിസ്വാൾ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 16-02-2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16-02-2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി. ജെ. ചിഞ്ചുറാണി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 18-02-2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 19-02-2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ KSRTC-യിൽ കണ്ടക്ടർ ആയി ജോലി നോക്കിയിരുന്ന അതേ കാലയളവിൽ തന്നെ വെറ്ററിനറി കൗൺസിലിലെ ശമ്പളം കൈപ്പറ്റുകയും, കൗൺസിലിൽ 10 വർഷം ജോലി നോക്കിയെന്ന തെറ്റായ ശിപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിലിൽ സ്ഥിരനിയമനം നേടുകയും ചെയ്ത വിവരം തെളിഞ്ഞ സാഹചര്യത്തിൽ ടിയാനെ ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള 14/11/2012-ലെ സ.ഉ (കൈ) നം.264/2012/എ.ഡി ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ട്, ടിയാനെ സർവീസിൽ നിന്നും പിരിച്ചു വിടുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത് .

2) 28-08-1997-ലെ സ.ഉ (കൈ) നം.249/97/എ.ഡി പ്രകാരം കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ രൂപീകരിച്ച തസ്തികകൾ സൃഷ്ടിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം കൗൺസിലിൽ അനുവദിച്ച തസ്തികകളിലെ നിയമനങ്ങളെല്ലാം അന്യത്രസേവന വ്യവസ്ഥയിലായിരിക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ വസ്തുതകൾ കണക്കിലെടുക്കാതെ കേരളാ സംസ്ഥാന വെറ്ററിനറി കൗൺസിലിൽ 10 വർഷം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയെന്ന രജിസ്ട്രാറുടെ ശിപാർശ പ്രകാരം മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14-11-2012-ലെ സ.ഉ (കൈ) നം.264/2012/എ.ഡി ഉത്തരവ് പ്രകാരം ടി സ്ഥാപനത്തിലെ ഡ്രൈവറായ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന് സ്ഥിരനിയമനം നൽകി.

3) കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ദിവസവേതന ഡ്രൈവറായി ജോലി നോക്കി വന്നിരുന്ന ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സർവീസിൽ സ്ഥിരപ്പെടുത്തിയ നടപടി തെറ്റാണെന്ന് ആരോപിച്ച്കൊണ്ട് 'Action Council of India against Corruption' എന്ന സംഘടന വിജിലൻസ് വകുപ്പിന് അയച്ച പരാതിയിന്മേൽ വിജിലൻസ് വകുപ്പ് നടത്തിയ ത്വരിത പരിശോധനയിൽ ശ്രീ.ഉണ്ണികൃഷ്ണൻ വെറ്ററിനറി കൗൺസിലിൽ ജോലിനോക്കിയിരുന്നുവെന്ന് അവകാശപ്പെടുന്ന 10 വർഷത്തിൽ, അഞ്ചര വർഷത്തോളം KSRTC യിൽ കണ്ടക്ടർ ആയും ജോലി നോക്കിയിരുന്നു. എന്നാൽ അതേ കാലയളവിൽ തന്നെ വെറ്ററിനറി കൗൺസിലിലെ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തി ശമ്പളം കൈപ്പറ്റിയതായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(Contd......)

4) ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും

*"കേരള വെറ്ററിനറി കൗൺസിലിൽ 10 വർഷം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയെന്ന പരിഗണന വച്ചാണ് രജിസ്ട്രാറുടെ ശിപാർശ പ്രകാരം 14.10.2012 ലെ സർക്കാർ ഉത്തരവിലൂടെ ശ്രീ.ഉണ്ണികൃഷ്ണനെ കേരള വെറ്ററിനറി കൗൺസിലിന്റെ രജിസ്ട്രാറുടെ ഓഫീസിലെ ഡ്രൈവറായി സ്ഥിര നിയമനം നൽകിയിട്ടുള്ളത്. എന്നാൽ 30.12.2005-നും 20.06.2011-നുമിടയ്ക്ക് ടിയാൻ കെ.എസ്.ആർ.ടി.സി യിൽ കണ്ടക്ടർ ആയി ജോലി ചെയ്തുവെന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട് എന്ന് ദ്രുതപരിശോധനയിലൂടെ വിജിലൻലസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയിട്ടുള്ളതിനാൽ ടി കാലയളവിൽ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ.ഉണ്ണികൃഷ്ണനെ കേരള വെറ്ററിനറി കൗൺസിലിൽ ജോലി ചെയ്തു വരികയായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിലെ ടിയാന്റെ നിയമനം റഗുലറൈസ് ചെയ്ത നടപടി പുനഃപരിശോധിക്കുന്നതിൽ നിയമതടസ്സമില്ലായെന്നും, തുടർനടപടി എടുക്കുമ്പോൾ ടിയാന്റെ ഭാഗം കൂടി കേട്ട് സാമാന്യനീതി ഉറപ്പുവരുത്തേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു"*

5) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"ടി വിഷയത്തിന്മേൽ നിയമ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളുടെ അഭിപ്രായം കൂടി ആരാഞ്ഞ ശേഷം ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സർവ്വീസിൽ നിന്നും പുറത്താക്കുന്നത് സംബന്ധിച്ചും ടി കൃത്രിമത്തിന് കൂട്ടുനിന്ന മുൻ രജിസ്ട്രാർ ശ്രീ.എൻ.എൻ.ശശിയ്ക്ക് എതിരെ നടപടി എടുക്കുന്നതിനും, ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ KSRTC-യിൽ ജോലി ചെയ്ത കാലയളവിൽ വെറ്ററിനറി കൗൺസിലിൽ നിന്ന് കൈപ്പറ്റിയ ശമ്പളം 18% പലിശ സഹിതം തിരിച്ച് പിടിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്"*

6) ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ KSRTC-യിൽ ജോലി നോക്കിയിരുന്ന കാലളവിൽ തന്നെ വെറ്ററിനറി കൗൺസലിലെ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തി ശമ്പളം കൈപ്പറ്റുകയും, കൗൺസിലിൽ 10 വർഷം ജോലി നോക്കിയെന്ന തെറ്റായ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ

(Contd......)

സ്ഥിരനിയമനം നേടുകയും ചെയ്ത വിവരം തെളിഞ്ഞ സാഹചര്യത്തിൽ 31/07/2020-ലെ സ.ഉ (സാധാ)നം.222/2020/എ.എച്ച്.ഡി ഉത്തരവ് പ്രകാരം ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി.

7) കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ നിയമിക്കപ്പെട്ടയാളെ പിരിച്ചുവിടുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം വീണ്ടും തേടിയിരുന്നു. ആയതിനു നിയമ വകുപ്പ് നൽകിയ മറുപടി ചുവടെ കണ്ടാലും.

" *വെറ്ററിനറി കൗൺസിലിന്റെ ജീവനക്കാർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് അച്ചടക്ക നടപടി സ്വീകരിക്കാമെന്ന് അറിയിക്കാം*"

8) കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന് ഡ്രൈവർ തസ്തികയിൽ സ്ഥിരനിയമനം നൽകിക്കൊണ്ട് പുറപ്പെടുവിച്ച 14/11/2012-ലെ സ.ഉ(കൈ)നം.264/12/എ.ഡി നമ്പർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ടിയാനെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങളിൽ വിശദീകരണം തേടുകയുണ്ടായി .

1) The draft note is silent about, whether actions have been completed as envisaged in G.O(P) No.46/97/Vig dated 31.07.97 and Circular No.11855/E3/08/Vig dated 07.01.2010.

2) The draft note for the Council of Ministers does not make clear that whether natural justice principle has been ensured as advised by the Law Department.

(Contd......)

3) Remarks of the P&ARD has not been obtained as suggested by the FD.

4) Action taken/to be taken against the former Registrar as suggested by the Vigilance Department & FD is not available.

5) Whether any action has been taken to recover the salary/wages received from KSRTC during the period he served in the Veterinary Council, with 18% rate of interest as suggested by the FD.

6) Details of the service rules applicable to the employees of Veterinary Council in terminating an employee from service and whether such rules have been observed in this case etc are not available.

7) Whether the probation of Shri.Unnikrishnan has been satisfactorily declared

9) ഇതുസംബന്ധിച്ച വെറ്ററിനറി കൗൺസിൽ രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദീകരണങ്ങൾ ചുവടെ ചേർക്കുന്നു .

1) 31/07/97-ലെ സ.ഉ(പി):നം46/97/Vig ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നത് .

2) ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സ്ഥിരപ്പെടുത്തിയത് സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം, സാമാന്യ നീതി ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ശ്രീ . ഉണ്ണികൃഷ്ണന്റെ ഭാഗം കേട്ടിരുന്നു.

3) കേരള സ്റ്റേറ്റ് വെറ്റിനറി കൗൺസിലിൽ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന് സ്ഥിരനിയമനം നൽകിയത് സംബന്ധിച്ചുള്ള പരാതിയിൽ വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണ റിപ്പോർട്ടിലെ ശിപാർശയിന്മേൽ ധനകാര്യവകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെയും അഭിപ്രായം തേടിയിട്ടുണ്ട്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" 4.11.2012-ലെ സ.ഉ.(കൈ) നം.264/2012/എഡി നം. ഉത്തരവ് പ്രകാരം കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ ഡ്രൈവർ തസ്തികയിൽ ശ്രീ.എസ്.ആർ ഉണ്ണികൃഷ്ണനെ ക്രമപ്പെടുത്തി നിയമിച്ചുള്ളത് പുനപരിശോധിക്കുന്ന കാര്യത്തിലാണ് ഭരണവകുപ്പ് ഈ വകുപ്പിന്റെ ഉപദേശം ആരാഞ്ഞിട്ടുള്ളതെന്നു മനസ്സിലാക്കുന്നു."*

(Contd......)

*കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തു എന്നതിനെ അടിസ്ഥാനമാക്കിയാണ് ശ്രീ.എസ്.ആർ ഉണ്ണികൃഷ്ണനെ ക്രമപ്പെടുത്തി നിയമിക്കുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം അനുമതി നൽകിയത്. എന്നാൽ പ്രസ്തുത കാലളവിൽ 30.12.2005 നും 20.06.2011 -നും ഇടയിൽ ടിയാൻ കെ.എസ്.ആർ.ടി.സി യിൽ താൽക്കാലിക അടിസ്ഥാനത്തിൽ കണ്ടക്ടർ ആയി ജോലി നോക്കിയിട്ടുള്ളതായാണ് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി -യിൽ ജോലി ചെയ്ത അതേ ദിവസങ്ങളിൽ വെറ്ററിനറി കൗൺസിലിൽ ഹാജർ രേഖപ്പെടുത്തുകയും അതിന് ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുള്ള പക്ഷം ആയത് ഗുരുതരമായ ക്രമക്കേടാണ്. അത്തരത്തിൽ കൃത്രിമമായി സൃഷ്ടിച്ച രേഖകളുടെ അടിസ്ഥാനത്തിലാണ് ശ്രീ.എസ്.ആർ ഉണ്ണികൃഷ്ണന്റെ സേവനം ക്രമപ്പെടുത്തിയിട്ടുള്ളതെങ്കിൽ നിലവിലെ കണ്ടെത്തലുകൾ പ്രസ്തുത നിയമനത്തെ അസ്ഥിരപ്പെടുത്തുന്നതിന് ഉതകുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ തന്റെ ഭാഗം വിശദീകരിക്കുന്നത് ഉണ്ണികൃഷ്ണന് ന്യായമായ അവസരം നൽകി എന്നത് ഉറപ്പാക്കി ടിയാനെ ക്രമപ്പെടുത്തി നിയമിച്ച 4.11.2012-ലെ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് തടസ്സമില്ല."*

4) വിജിലൻസ് വിഭാഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുൻ ഡയറക്ടറായിരുന്ന ഡോ. എൻ . എൻ . ശശിയ്ക്കെതിരെ 01/07/2020- ലെ സ . ഉ ( സാധാ ) നം .202/2020/ എ.എച്ച് .ഡി പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

5) "2006 മുതൽ 2011 വരെ ശ്രീ.എസ്.ആർ. ഉണ്ണികൃഷ്ണന് നൽകിയ ശമ്പളം പലിശയോടെ തിരിച്ച് പിടിക്കുക " എന്ന വിജിലൻസ് വകുപ്പിന്റെ ശിപാർശ പ്രകാരം വെറ്ററിനറി കൗൺസിലിൽ നിന്നും ടിയാൻ ശമ്പളമായി കൈപ്പറ്റിയ തുക 18% പലിശയോട് കൂടി ആകെ 3,86,874/- രൂപ (മൂന്ന് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപാ) തിരിച്ച് പിടിക്കുവാൻ വെറ്ററിനറി കൗൺസിൽ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത തുക ടിയാൻ നാളിതുവരെയും തിരിച്ചടച്ച് രസീത് ഹാജരാക്കിയിട്ടില്ലെന്നു രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ടിയാൻ KSRTC യിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിലെ തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടില്ല.

(Contd......)

6) 1991-ലെ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ റൂൾ പ്രകാരം ജീവനക്കാരുടെ നിയമന സേവന, വേതന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൻ ഡ്രൈവറുടെ നിയമനം സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും വ്യക്തതയില്ലായെന്നും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

7) ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന്റെ പ്രൊബേഷൻ ഇതുവരെയും ഡിക്ളയർ ചെയ്തിട്ടില്ലെന്നും, ഈ വിഷയത്തിൽ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുകയാണെന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

10) ഫയൽ വീണ്ടും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചതിൽ ഈ വിഷയത്തിൽ ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം ഉത്തരവിട്ടിരുന്നു.

*" വെറ്ററിനറി കൗൺസിൽ ജീവനക്കാർക്ക് ബാധകമായ സർവീസ് ചട്ടങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കാമെന്ന് നിയമവകുപ്പും, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു നടപടി സ്വീകരിക്കാമെന്ന് ധനകാര്യ വകുപ്പും അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ഈ വിഷയത്തിൽ കൗൺസിൽ ജീവനക്കാർക്ക് ബാധകമായ ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ടോ എന്ന് 1991- ലെ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ റൂൾസ് പരിശോധിച്ച് വ്യക്തത വരുത്തി ഫയൽ സമർപ്പിക്കുക. "*

11) ശ്രീ.എസ്.ആർ ഉണ്ണികൃഷ്ണന് എതിരെ KERALA CIVIL SERVICES & CLASSIFICATION, CONTROL APPEAL) RULES, പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

12) ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണന് എതിരെ ഉന്നയിക്കപ്പെട്ട കുറ്റങ്ങൾ എല്ലാം തന്നെ തെളിവുകളുടെ അടിസ്ഥാനത്തിൽ ശരിയാണെന്ന് കണ്ടെത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ വസ്തുതകൾ മറച്ചുവച്ച് കേരള സർക്കാരിനെയും കേരള വെറ്ററിനറി കൗൺസലിനെയും തെറ്റിദ്ധരിപ്പിച്ചാണ് സ്ഥിരം ജോലി നേടിയത് എന്നും, ഇതുവഴി കേരള സർക്കാരിനെതിരെയും കൗൺസിലിന് എതിരെയും ഗുരുതരമായ വിശ്വാസവഞ്ചന കാണിച്ചാണ്

(Contd......)

ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ ഡ്രൈവർ ജോലിയിൽ സ്ഥിര നിയമനം നേടിയതെന്നും കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ Indian Veterinary Council Act 1984 (No.52/1984) Section 42(2) R/W, Kerala State Veterinary Council Rules 1991, Rule 24 പ്രകാരം വെറ്ററിനറി കൗൺസിലിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ടു KS&SSR 1958 Rule 19 (ii) പ്രകാരം ശ്രീ.എസ്.ആർ.ഉണ്ണികൃഷണന്റെ സേവനം റെഗുലറൈസ് ചെയ്തു കൊണ്ടുള്ള രജിസ്ട്രാറുടെ Order No.KSVC-140/2009 dated 14/11/2012 റദ്ദുചെയ്തു കൊണ്ടു കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ രജിസ്ട്രാർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നത് സംബന്ധിച്ച കുറിപ്പ് മന്ത്രിസഭാ യോഗത്തിന് മുൻപാകെ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയുന്ന പ്രകാരം ഉത്തരവ് നൽകുകയുണ്ടായി.

" ഏത് നിയമത്തിലെ ബാധകമായ ഏത് വകുപ്പ് / ചട്ടം ഉപയോഗിച്ചാണ് ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സർവീസിൽ നിന്നും പിരിച്ചു വിടേണ്ടതെന്നും, പിരിച്ചുവിടലിന് ഏതു തീയതി മുതലാണ് പ്രാബല്യം നൽകേണ്ടതെന്നും, തീരുമാനിക്കേണ്ടകാര്യത്തിൽ സൂചിപ്പിച്ചിട്ടില്ല. ഇക്കാര്യം വ്യക്തമാക്കി പുതുക്കിയ കുറിപ്പുകൾ സമർപ്പിക്കുക ."

13) കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ ഡ്രൈവർ തസ്തികയിൽ സ്ഥിരനിയമനം നേടിയ ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ, Kerala Civil Services (Classification, Control & Appeal) Rules, 1960, Part V, 11 (1) viii പ്രകാരം, സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് (dismissal from the service). ടിയാളെ കൗൺസിലിന്റെ ഡ്രൈവറായി നിയമിച്ചുകൊണ്ടുള്ള വെറ്ററിനറി കൗൺസിൽ രജിസ്ട്രാറുടെ 14.11.2012-ലെ KSVC.140/2009 നമ്പർ ഉത്തരവ് കൗൺസിൽ റദ്ദ് ചെയ്ത സാഹചര്യത്തിൽ ശ്രീ.ഉണ്ണികൃഷ്ണനെ 14/11/2012 തീയതി പ്രാബല്യം വരത്തക്ക രീതിയിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് (dismissal from the service).

(Contd......)

14) ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നത് സംബന്ധിച്ച ബഹു.മുഖ്യമന്ത്രിയുടെ 07/1/2021-ലെ ഉത്തരവിൻ പ്രകാരം ഈ വിഷയം മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കുവാൻ ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ദിവസവേതന ഡ്രൈവറായി ജോലി നോക്കി വന്നിരുന്ന ശ്രീ.എസ്.ആർ.ഉണ്ണികൃഷ്ണൻ KSRTC-യിൽ കണ്ടക്ടർ ആയി ജോലി നോക്കിയിരുന്ന അതേ കാലയളവിൽ തന്നെ വെറ്ററിനറി കൗൺസിലിലെ ശമ്പളം കൈപ്പറ്റുകയും, കൗൺസിലിൽ 10 വർഷം ജോലി നോക്കിയെന്ന തെറ്റായ ശിപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിലിൽ സ്ഥിരനിയമനം നേടുകയും ചെയ്ത വിവരം തെളിഞ്ഞ സാഹചര്യത്തിൽ;

i) ടിയാനെ ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള 14/11/2012-ലെ സ.ഉ (കൈ) നം.264/2012/എ.ഡി ഉത്തരവ് റദ്ദ് ചെയ്യാവുന്നതാണോ?

ii) 31.07.2020-ലെ സ.ഉ (സാധാ) നം.222/2020/എ.എച്ച്.ഡി പ്രകാരം സസ്പെൻഡ് ചെയ്യപ്പെട്ട ടിയാനെ Kerala Civil Services (Classification, Control & Appeal) Rules, 1960, Part V, 11 (1) viii പ്രകാരം, 14.11.2012 തീയതി പ്രാബല്യം വരത്തക്ക രീതിയിൽ സർവ്വീസിൽ നിന്നും പിരിച്ചുവിടാവുന്നതാണോ ? (Dismissal from the service)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-02-2022

ഫയൽ നം. എഫ്2/33/2015/എ.എച്ച്.ഡി. ഇനം നം: 568

വിഷയം : മൃഗസംരക്ഷണ വകുപ്പ് - കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ദിവസവേതന ഡ്രൈവറായി ജോലി നോക്കി വന്നിരുന്ന ശ്രീ. എസ്. ആർ. ഉണ്ണികൃഷ്ണൻ KSRTC-യിൽ കണ്ടക്ടർ ആയി ജോലി നോക്കിയിരുന്ന അതേ കാലയളവിൽ തന്നെ സംസ്ഥാന വെറ്ററിനറി കൗൺസിലിലെ ശമ്പളം കൈപ്പറ്റുകയും, കൗൺസിലിൽ 10 വർഷം ജോലി നോക്കിയെന്ന തെറ്റായ ശിപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിലിൽ സ്ഥിരനിയമനം നേടുകയും ചെയ്ത വിവരം തെളിഞ്ഞ സാഹചര്യത്തിൽ ടിയാനെ Kerala Civil Services (Classification, Control & Appeal) Rules, 1960, Part V, 11(1) VIII പ്രകാരം, സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നത് (Dismissal from the service).

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു. ശ്രീ. എസ്. ആർ. ഉണ്ണിക്ക്യഷ്ണൻ അനധികൃതമായി ശമ്പളം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതുകൂടി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.